പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 228 28.06.2016 - ൽ മറുപടിയ്ക്ക്

## 'ശ്രുതി തരംഗം' പദ്ധതി

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുട്ടികളിലെ ശ്രവണവൈകല്യം കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി വൈകല്യം ഒഴിവാക്കുന്ന 'ശ്രുതിതരംഗം' പദ്ധതി തുടരുന്നതിന് ഈ സർക്കാർ ആലോചിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത എത്ര പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാനുണ്ട്; | (ബി) | ശ്രുതിതരംഗം പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തതിൽ അർഹരായ എല്ലാ കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരം എല്ലാ കേസുകളിലും സമയബന്ധിതമായി സഹായം നൽകുന്നതിന് കഴിയുമോ; എങ്കിൽ പ്രതിവർഷം ഇത്തരത്തിലുള്ള എത്ര കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | ശ്രുതിതരംഗം പദ്ധതി പ്രകാരം സമയബന്ധിതമായി ആനുകൂല്യം നൽകി വരുന്നുണ്ട്. പ്രതിവർഷം ഇത്തരത്തിൽ വൈകല്യമുള്ള 200 കുട്ടികൾക്ക് വീതം കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് |
| (ഡി) | പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര കുട്ടികളാണ് വൈകല്യമുക്തി നേടിയത്; ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | ശ്രുതിതരംഗം പദ്ധതി പ്രകാരം നാളിതുവരെ 660 കുട്ടികൾക്കാണ് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായി അനുമതി നൽകിയിട്ടുള്ളത്. ഈ സർക്കാർ അധികാരമേറ്റ ശേഷം 28 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**